(2) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ ശിലാഫലകം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധം പരസ്പര ബഹുമാനത്തോടുകൂടിയുള്ളതാണ്. അല്ലാതെ അടിമ-ഉടമ ബന്ധമായിക്കൂടാ. ജനാധിപത്യ വ്യവസ്ഥയിൽ കേട്ടുകേഴ്വിപോലും ഇല്ലാത്തതാണ് രണ്ട് ദിവസം ഈ കേരളത്തിൽ നടന്നത്.****..... (ബഹളം)..... വല്ലാർപാടം കണ്ടെയ്നർ നിർമ്മിക്കുന്നതിന് സ്ഥലമെടുത്തു നൽകിയ റവന്യൂ വകുപ്പുമന്ത്രിക്ക് പ്ലാറ്റ്ഫോമിൽ ഇരിപ്പിടമില്ല. അവിടെനിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി കേരളത്തിലെ മന്ത്രിയാണ്, അദ്ദേഹത്തിനും കസേരയില്ല. തുറമുഖ വകുപ്പ് കൈകാര്യം ചെയ്യുന്ന ഒരു മന്ത്രി ഇവിടെയുണ്ട്. അദ്ദേഹത്തെ ക്ഷണിക്കുകപോലും ചെയ്തില്ല. കേരളത്തിൽ പ്രവർത്തിക്കുന്ന ഒരു ഹോട്ടലിൽ കേരളാ മുഖ്യമന്ത്രിക്ക് കയറണമെങ്കിൽ, താമസിക്കണമെങ്കിൽ, വിശ്രമിക്കണമെങ്കിൽ വടക്കേ ഇന്ത്യയിൽനിന്നും വന്ന ചപ്പരാസിയുടെ അനുമതി വാങ്ങണോ? .....(ബഹളം)..... ശ്രീ. ഗവായ് കേരള ഗവർണ്ണർ ആയിപ്പോയതുകൊണ്ടാണോ അദ്ദേഹത്തിനും ബുക്ക് ചെയ്ത മുറിയിൽ പ്രവേശനമില്ലാതായത്? പ്രധാനമന്ത്രി കയറിയ വിമാനത്തിൽ ഗവർണ്ണറെ കയറ്റി. പക്ഷേ ഗവർണ്ണറുടെ സഹധർമ്മിണിയെ താഴെ നിർത്തി, വിമാനത്തിൽ കയറ്റിയില്ല. എന്തൊരു അപമാനമാണ് ഇവിടെ നടന്നത്? ഫെഡറൽ സംവിധാനത്തിനും ഭരണഘടനാ വ്യവസ്ഥയ്ക്കും വിരുദ്ധമായ പ്രവർത്തനങ്ങളാണ് പതിനൊന്ന്, പന്ത്രണ്ട് തീയതികളിലായി ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഇവിടെ നടന്നത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ ഉദ്ഘാടനത്തിനും തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളത്തിന്റെ ആധുനിക ടെർമിനലിന്റെ ഉദ്ഘാടനത്തിനും സകല മര്യാദകളും കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ടാണ് ശിലാസ്ഥാപനം നടത്തിയത്. ശിലയിൽ പ്രധാനമന്ത്രിയുടെ പേര് മാത്രം കൊത്തിവച്ചു. മുഖ്യമന്ത്രിയുടേയും ആ സ്ഥലത്തെ പ്രതിനിധീകരിക്കുന്ന മന്ത്രിമാരുടേയും എം. പി.മാരുടേയും പേരുകൾ ഒഴിവാക്കി. അവരെ അവഗണിച്ചു. തമിഴ്നാട്ടിലാണ് ഇങ്ങനെ ചെയ്തിരുന്നതെങ്കിൽ ആ കല്ല് ഇന്ന് കടലിൽ കിടക്കുമായിരുന്നു. അത് ഇടാൻ വന്നയാൾ നേരെചൊവ്വേ പോകുമായിരുന്നില്ല. കേരളത്തിലെ ജനങ്ങളുടെ മര്യാദയും സംസ്ക്കാരവും കൊണ്ടാണ് കേരളം അത്തരത്തിൽ പ്രതിഷേധം സംഘടിപ്പിക്കാതിരുന്നത്. ഇവിടെ കേരളീയന്റെ മര്യാദയും സംസ്ക്കാരവുമൊക്കെ ലംഘിക്കുന്ന തരത്തിലാണ് കല്ലിടൽ നടന്നത്. ആ കല്ല് മാറ്റി മുഖ്യമന്ത്രിയുടെ പേര് ഉൾപ്പെടുത്തി പുതിയ ശില അവിടെ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കണം. ഒരു പേര് കൊത്തിവയ്ക്കുന്നത് ശ്രീ. അച്ചുതാനന്ദന്റെ മേന്മ കാണിക്കുവാൻ വേണ്ടിയല്ല, മറിച്ച് കേരളത്തെ അപമാനിച്ചത് തിരുത്താനാണ്. ശ്രീ. എ. കെ. ആന്റണി കേരളത്തിൽ വന്ന് പല സംരംഭങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ആ ചടങ്ങുകളിലെല്ലാം സംസ്ഥാന ഗവണ്മെന്റിന്റെ പങ്കിനെ സംബന്ധിച്ച് അദ്ദേഹം പ്രകീർത്തിച്ചു പറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് വ്യവസായ വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങളെ അദ്ദേഹം ശ്ലാഘിച്ചിട്ടുണ്ട്. അത് കേരളത്തിന്റെ സംസ്ക്കാരമാണ്.

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണിയുടെ ആ സംസ്ക്കാരം ശ്രീ. മൻമോഹൻസിംഗിന് ഇല്ലാതെ പോയി. ശ്രീ. വയലാർ രവിയും പ്രതിപക്ഷ നേതാവും ചേർന്നുള്ള പ്രതികരണം .....(തടസ്സം)..... അടിമകളുടേതാണ്. കേന്ദ്രത്തിലെ യജമാനനെ പ്രീണിപ്പെടുത്താനാണ് അത് ചെയ്തത്. **** മുഖ്യമന്ത്രി ഇതിനെ പ്രതിഷേധിച്ചതിനാണ് ****കാട്ടി എന്നു പറഞ്ഞത്. .....(ബഹളം)..... വയലാർ രവി ഇത് **** എന്നുപറഞ്ഞത് പ്രധാനമന്ത്രിയുടെ മുഖത്തുനോക്കി പറയേണ്ടിയിരുന്നു. പ്രധാനമന്ത്രിയുടെ മുഖത്തുനോക്കി പറയുന്നതിനു പകരം അദ്ദേഹം തിരിച്ചുപറയുകയാണ് ചെയ്തത്. ഇവിടെ പത്രങ്ങളിൽ പരസ്യം വന്നു. മുഖ്യമന്ത്രിയുടെ പടമില്ല. വല്ല വണ്ടിക്കാരന്റേയും വള്ളക്കാരന്റേയുമൊക്കെ പടമുണ്ട്. .....(ബഹളം)..... സോണിയാഗാന്ധിയുടെ പടമുണ്ട്. ഏത് മാനദണ്ഡത്തിലാണ് സോണിയാഗാന്ധിയുടെ പടം വന്നത്. ..... (ബഹളം)..... സോണിയാഗാന്ധിയുടെ പടം വന്നത് ഏത് മാനദണ്ഡത്തിലാണ്? സർക്കാരിന്റെ പരസ്യമാണ്. സോണിയാഗാന്ധിക്കും കോൺഗ്രസ്സിനുംവേണ്ടി പ്രചാരണം നടത്താനുള്ളതല്ല.....(തടസ്സം)..... നിങ്ങൾക്ക് ഒരുപക്ഷേ അടിമപ്പണി ചെയ്യാം. പക്ഷേ കേരളത്തിലെ ആളുകൾ അംഗീകരിച്ചു തരികയില്ല. ....(ബഹളം)..... നിങ്ങൾക്ക് അവിടെ പോയി അവരുടെ കാശ് വാങ്ങി നടക്കാം. ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ്.....പ്ലീസ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : കേരള ഗവൺമെന്റിന്റെ സ്ഥാപനമായിരുന്ന ബ്രഹ്മോസ്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് അങ്ങ് അവസാനിപ്പിക്കണം.....അങ്ങ് പറയാനുള്ളത് പറഞ്ഞല്ലോ? മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : .....(ബഹളം)..... ഗവൺമെന്റ് വിട്ടു കൊടുത്ത ബ്രഹ്മോസിൽ തിരുവനന്തപുരത്തുള്ള ഒരു മന്ത്രി, രണ്ടു മന്ത്രിമാർ അവിടെ ചെന്നപ്പോൾ ഏതാനും ചപ്പരാസികൾ തടഞ്ഞുനിർത്തിയിരിക്കുന്നു. ആരാണ് അവർക്ക് അധികാരം കൊടുത്തത്? ആ അധികാരം കൊടുത്തവരെ സംബന്ധിച്ച് ശക്തമായ പ്രതിഷേധം കേരളത്തിനുണ്ട്. ആ പ്രതിഷേധം രേഖപ്പെടുത്തുവാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. .....(ബഹളം) ..... പ്രതിപക്ഷനേതാവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ കാലുവാരി അടുത്തവർഷം പ്രതിപക്ഷ നേതാവായി വരാൻ ശ്രീ. വയലാർ രവി താല്പര്യമെടുക്കുന്നുണ്ടാകാം.....(ബഹളം)..... അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചതിലുള്ള ശക്തിയായ പ്രതിഷേധം അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, വല്ലാർപാടം .....(ബഹളം) .....

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : മുഖ്യമന്ത്രി മറുപടി പറയട്ടെ.....മറുപടി പറയട്ടെ.....പ്ലീസ് .....മറുപടി പറഞ്ഞിട്ട് സംസാരിക്കാം.....(ബഹളം) .....മറുപടി പറയട്ടെ. .....(ബഹളം).....മറുപടി മുഖ്യമന്ത്രി പറയട്ടെ. .....(ബഹളം)..... നമുക്ക് മറുപടി പറഞ്ഞിട്ട് ചർച്ച ചെയ്യാം. .....(ബഹളം) .....

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : സർ, വല്ലാർപ്പാടം ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി കമ്മീഷൻ ചെയ്തതിൽ സംസ്ഥാന സർക്കാരിന് .....(ബഹളം) ..... ഏറെ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് ...ഇരിക്കൂ.....ഇരിക്കൂ.....(ബഹളം) .....

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : അതേപോലെ തിരുവനന്തപുരത്തെ അന്തർദ്ദേശീയ വിമാനത്താവളത്തിന്റെ രണ്ടാമത് ടെർമിനൽ പദ്ധതി കമ്മീഷൻ ചെയ്തതിലും സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. രണ്ടു പദ്ധതികളും ഇൻഡ്യയുടെ വികസനത്തെ പൊതുവിലും കേരളത്തിന്റെ വികസനത്തെ പ്രത്യേകിച്ചും ത്വരിതപ്പെടുത്തും. കഴിഞ്ഞ 57 മാസത്തോളമായി സംസ്ഥാന സർക്കാർ ഏറ്റവും താൽപ്പര്യമെടുത്ത് നിരന്തര പരിശ്രമം നടത്തിയതിന്റെ ഫലമായിട്ടാണ് ഈ രണ്ട് പദ്ധതികളും സാക്ഷാത്ക്കരിക്കപ്പെട്ടത്. രണ്ടു പദ്ധതികളുടെയും ഉദ്ഘാടനത്തിന് പ്രധാനമന്ത്രിതന്നെ വരണമെന്ന് ഞങ്ങൾ ആഗ്രഹിച്ചതും അതിന് അദ്ദേഹത്തെ ക്ഷണിച്ചതുമാണ്. അനുമതികളൊന്നും കിട്ടാതെ ഒരു കല്ലിൽ ഒതുങ്ങി അനിശ്ചിതത്വത്തിലായിരുന്ന വല്ലാർപാടം പദ്ധതിക്ക് ജീവൻ പകർന്നത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. ഗവൺമെന്റിന്റെ ജാഗ്രതയോടെയുള്ള പ്രവർത്തനത്തിന്റെ ഫലം കൂടിയായിട്ടാണത്. വല്ലാർപ്പാടം പദ്ധതി യാഥാർത്ഥ്യമാകുണമെങ്കിൽ റെയിൽ കണക്ടിവിറ്റിയും റോഡ് കണക്ടിവിറ്റിയും അനുപേക്ഷണീയമാണ്. അതിനാവശ്യമായ സ്ഥല മെടുപ്പിന്റെ സങ്കീർണ്ണതയും പ്രശ്നങ്ങളും ഞാൻ വിവരിക്കേണ്ടതില്ല. ദീർഘകാലത്തെ ചർച്ചയുടേയും ഇൻഡ്യയ്ക്കാകെ മാതൃകയായ പുനരധിവാസ പാക്കേജിന്റെയും ഫലമായി സങ്കീർണ്ണതകൾ പരിഹരിച്ച് സ്ഥലം ഏറ്റെടുത്ത് കൊടുക്കുവാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. അതുപോലെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനും ഏറെ കാര്യങ്ങൾ ചെയ്തു. അതുകൊണ്ടാണ് അവഗണന സാമ്മില്ല, പദ്ധതിയാണല്ലോ പ്രധാനമെന്ന് ഞാൻ പറഞ്ഞത്. പക്ഷേ "അരിയും തിന്ന് പെങ്ങളേയും കടിച്ച് പിന്നെയും മുറുമുറുക്കുന്നുവെന്ന്" പറഞ്ഞതുപോലെ ചില പ്രതികരണങ്ങളുണ്ടായി. ശ്രീ. എ. കെ. ആന്റണി ആയിരുന്നെങ്കിൽ 'ചെവിയിൽ പറയുമായിരുന്ന'ത് ഞാൻ പരസ്യമായി പറഞ്ഞെന്നാണ്. 'അസംബന്ധ'മാണെന്ന് കേന്ദ്രമന്ത്രി ശ്രീ. വയലാർ രവിയും "ഓരോരുത്തരുടേയും സ്വഭാവ"മെന്ന് ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതികരിച്ചു. കേരളത്തെ അവഗണിച്ചത് ഒരു രഹസ്യ കാര്യമല്ല. ജനങ്ങൾക്കെല്ലാം അറിയുന്നതും അവർക്ക് അമർഷമുള്ളതും മാധ്യമങ്ങൾ വലിയ വിവാദമാക്കിയതുമായ വിഷയമാണ്. ഞാൻ അത് ചെവിയിൽ പറഞ്ഞാൽപ്പോരേ എന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതിൽ ഒരു സത്യമുണ്ട്. സംഗതി സത്യമാണെന്ന് പ്രതിപക്ഷ നേതാവും സമ്മതിക്കുന്നു. അതു കൊണ്ടാണല്ലോ അദ്ദേഹം പറഞ്ഞത്, ഇത്തരം പരിപാടികൾ ചാർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുമ്പോൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യുന്നതാണ് നല്ലതെന്ന്. കേരളത്തെ പരസ്യമായി അപമാനിച്ചതിനെക്കുറിച്ച് ഏറ്റവും മിതമായ ഭാഷയിൽ ഏറ്റവും സംയമനം പാലിച്ചുകൊണ്ട് കേരളത്തിന്റെ ആതിഥ്യ മര്യാദയും സംസ്കാരവും ഒക്കെ ഉയർത്തിപ്പിടിച്ചുകൊണ്ട് അവഗണന സാരമില്ലെന്ന് ജനങ്ങളെ സമാശ്വസിപ്പിക്കുകയാണ് ഞാൻ ചെയ്തത്. ശ്രീ. മൻമോഹൻ സിംഗ് ഇൻഡ്യയുടെ പ്രധാനമന്ത്രിയാണ്. രാജ്യസഭാംഗമാണെങ്കിലും ജനങ്ങൾ തെരഞ്ഞെടുത്ത ഭരണാധികാരിയാണ് അദ്ദേഹം. ജനങ്ങൾ തെരഞ്ഞെടുത്ത കേരള മുഖ്യമന്ത്രിയായ, - അതായത് ഞാൻ - ഒരു പൊതു പ്രശ്നം എന്തിന് രഹസ്യമായി ചെവിയിൽ പറയണം? വായ് പൊത്തി കുനിഞ്ഞുനിന്ന് പറയണമെന്നാണോ? അതിന് ഉമ്മൻ ചാണ്ടിമാരെ കിട്ടുമായിരിക്കും. .....(ബഹളം).....ശ്രീ. എ.കെ. ആന്റണിക്ക് ശേഷം ശ്രീ. ഉമ്മൻ ചാണ്ടി .....(ബഹളം) .....മുഖ്യമന്ത്രിയായതാണല്ലോ.....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ് .....അങ്ങനെ പറയുന്നതിൽ കാര്യമില്ല. .....ഇങ്ങനെ പോയിട്ട് എന്താ കാര്യം? .....

ശ്രീ. വി. എസ്. അച്യുതാനന്ദൻ : കൊള്ളാമിന്നൻ മന്സ്സാണ് കോൺഗ്രസ്സുകാരെ നയിക്കുന്നത്. .....(ബഹളം).....ഏതൊരു സംസ്ഥാനവും ഹൈക്കാമാന്റും പ്രാദേശിക കമ്മിറ്റിയും തമ്പുരാൻ അടിയാൻ ബന്ധത്തിന് കേരള ജനതയെ കരുവാക്കേണ്ടതില്ല. അടിമബോധമുള്ളവരും ഉടമ ബോധമുള്ളവരും തന്നെയ അത് മുറുകെ പിടിച്ചാൽ മതി. ഇവിടെ പരാമർശിക്കപ്പെട്ട രണ്ട് പരിപാടികളുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് പുറത്തുവരുന്നത്? നമ്മുടെ സംസ്ഥാനത്തിന്റെ ഭരണത്തലവനായ ഗവർണ്ണറെ വരെ അവഗണിക്കുകയും അപമാനിക്കുകയും ചെയ്തതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. സർക്കാരിന്റെ പരസ്യത്തിൽ എന്റെ പടം വന്നില്ലെങ്കിൽ എനിക്കൊന്നുമില്ല. വല്ലാർപ്പാടം പദ്ധതി ഉദ്ഘാടനത്തിന്റെ പരസ്യത്തിൽ കേരള ഗവർണ്ണറുടെ പേരില്ല. എന്റെ പേരില്ല. പടം വേണ്ട. പോകട്ടെ. എന്നാൽ കോൺഗ്രസ്സ് അദ്ധ്യക്ഷ മുതൽ ശ്രീ. കെ. സി. വേണുഗോപാൽ വരെയുള്ളവരുടെ പടം ഉണ്ട് .....(ബഹളം)..... പദ്ധതി കേരളത്തിലല്ലേ? ഉദ്ഘാടനം കേരളത്തിലല്ലേ? അറബിക്കടലിന്റെ നടുക്കൊന്നും ആയിരുന്നില്ലല്ലോ? ഉദ്ഘാടനച്ചടങ്ങിന്റെ ശിലാ ഫലകത്തിൽ കേരളത്തിന് പ്രാതിനിധ്യമുണ്ടോ? ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്ന വ്യക്തിയുടെ പ്രശ്നമല്ല. കേരള ഗവർണ്ണറുടെ പ്രശ്നമല്ല. സംസ്ഥാന മന്ത്രിമാരുടെ പ്രശ്നമല്ല. കേരളത്തിന്റെ പ്രശ്നമാണ്. മറ്റേതെങ്കിലും സംസ്ഥാനമായിരുന്നെങ്കിൽ ഇത് നടക്കുമോ? ഇതൊക്കെയായിട്ടും ഞങ്ങൾ കാര്യമാക്കിയില്ല. പോകട്ടെ. സാരമില്ല എന്നേ പറയുന്നുള്ളു. പ്രധാനമന്ത്രിയോട് ഒരു ബഹുമാനക്കുറവും കാണിച്ചിട്ടില്ല. .....(ബഹളം) .....തലയിൽ കയറി കൂടുതൽ ചെയ്യും. പ്രധാനമന്ത്രിക്ക് മനസ്സിലാകാത്ത ഭാഷയിൽ ഞാൻ സംസാരിച്ചു.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് കഴിയട്ടെ.....ഇത് കഴിയട്ടെ.....ഇതു കഴിഞ്ഞ് പറയാം. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : .....എന്നാണ് വിമർശിച്ചത്. .....(ബഹളം).....എല്ലാ ഇൻഡ്യാക്കാരന്റെയും ഭാഷ മനസ്സിലാക്കേണ്ട ആളല്ലേ ഇൻഡ്യൻ പ്രധാനമന്ത്രി? ഞാൻ എന്റെ മാതൃഭാഷയിലാണ് സംസാരിച്ചത്. അതിലെനിക്ക് ഒരു കുറച്ചിലും തോന്നിയിട്ടില്ല. അഭിമാനമേയുള്ളു. പ്രധാനമന്ത്രിയോട് മാത്രമായി .....(ബഹളം)..... സംസാരിക്കേണ്ടതുണ്ടെങ്കിൽ അത് ചെയ്യാം. .....നിവേദനവും കത്തുമെല്ലാം അയയ്ക്കാം.....(ബഹളം).....ഞാൻ പ്രസംഗിച്ചത് പ്രധാനമന്ത്രിയോടല്ല. പ്രധാനമന്ത്രി ഉൾപ്പെടെയുള്ള അവിടെ കൂടിയ മുഴുവൻ ആളുകളോടുമാണ്. കോൺഗ്രസ്സ് നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു ഈ പ്രശ്നത്തിൽ ശരിയായി പ്രതികരിക്കേണ്ടിയിരുന്നത്. .....(ബഹളം).....വല്ലാർപ്പാടം പദ്ധതിയുമായി ബന്ധപ്പെട്ട ചടങ്ങിൽ, അതിന്റെ ഔദ്യോഗിക പ്രചരണത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയുമല്ലാത്ത.....(ബഹളം).....യു.പി.എ. അദ്ധ്യക്ഷ എന്ന നിലയിൽ ചാക്കിട്ടെടുത്ത ക്യാബിനറ്റ് പദവിയുള്ള സോണിയാഗാന്ധിയുടെ പടമല്ല കൊടുക്കേണ്ടിയിരുന്നത്. പദ്ധതിയുമായി ബന്ധമില്ലാത്ത സഹമന്ത്രിമാർക്ക് നൽകിയ പരിഗണനയെങ്കിലും ബന്ധപ്പെട്ട സംസ്ഥാന മന്ത്രിമാർക്ക് നൽകണമായിരുന്നു. അത് ചെയ്തില്ല. അത് ശ്രീ. ഉമ്മൻ ചാണ്ടിയും സമ്മതിക്കുമെന്ന് കരുതുന്നു. ഏതായാലും ഈ കാര്യത്തിൽ നമുക്ക് വിവാദത്തിനൊന്നും സമയമില്ല. പദ്ധതി യാഥാർത്ഥ്യമായതിൽ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. .....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് പോകുക .....അവരവരുടെ സീറ്റിലേയ്ക്ക് പോകുക. ....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ വെല്ലിലേയ്ക്ക് ഇറങ്ങി ബഹളമുണ്ടാക്കി സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. .....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ...(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങേക്ക് മൈക്ക് തരുന്നതാണ്. .....അവസരം തരുന്നതാണ്. .....അങ്ങേയ്ക്ക് സംസാരിക്കാൻ അവസരം തരുന്നതാണ്. .....ബഹുമാനപ്പെട്ട മിനിസ്റ്റർ.....അങ്ങേക്ക് അവസരം തരുന്നതാണ്.....(ബഹളം).....ശ്രീ. പി. വിശ്വൻ.....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം.....(ബഹളം)..... ബഹുമാനപ്പെട്ട മിനിസ്റ്റർ.....

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോയി)

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഗൗരവമുള്ള ഒരു പ്രശ്നം പ്രതിപക്ഷ നേതാവിന്റെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഞാൻ പറയുന്നത്. ഞാൻ സമയം എടുക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം അതീവ ഗൗരവമുള്ള പ്രശ്നമാണ്. അത് ഒരു മറുപടിയിൽ അവസാനിപ്പിക്കാൻ പാടില്ല. കേരളത്തിന്റെ വികാരം അറിയിച്ചുകൊണ്ടുള്ള ഒരു പ്രമേയം ഈ സഭ അംഗീകരിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്.....

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ.....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.....ശ്രീ. വിശ്വൻ ....പ്ലീസ്.....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അവർ സംസാരിക്കട്ടെ. എനിക്കൊന്നും പറയാനില്ല..... .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ...(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....ശ്രീ. എം. ചന്ദ്രൻ...പ്ലീസ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വളരെ നിർഭാഗ്യകരമായ സംഭവമാണ് ഇന്ന് സഭയിൽ ഉണ്ടായത്. .....(ബഹളം).....നമ്മുടെ ബഹുമാന്യനായ പ്രധാനമന്ത്രി..... .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്,...പ്ലീസ്....

ശ്രീ. ഉമ്മൻചാണ്ടി: നമ്മുടെ ബഹുമാന്യനായ പ്രധാനമന്ത്രിക്കെതിരെ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ചില പരാമർശങ്ങൾ ഇവിടെ നടത്തി. അത് എടുത്തുപറയാൻപോലും എനിക്ക് മടിയാണ്. അത് ഈ സഭയുടെ പാരമ്പര്യത്തിനുതന്നെ നിരക്കാത്തതാണ്. അതുകൊണ്ട് അങ്ങ് അത് പരിശോധിക്കണം. സഭാരേഖകളിൽ അത് കിടക്കുന്നത് ഈ സഭയുടെ അന്തസ്സിനും അഭിമാനത്തിനും ചേർന്നതാണോയെന്ന് പരിശോധിച്ച് അതിന് മാറ്റങ്ങൾ വരുത്തണം. ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ ____ (ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ ....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ... പ്ലീസ്....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന രണ്ട് ചടങ്ങുകളാണ് നടന്നത്. അതുസംബന്ധിച്ച് പത്രത്തിൽ വന്ന പരസ്യത്തിൽ മുഖ്യമന്ത്രിയുടെ പടം ഇല്ലാതെപോയി. അതുപോലെതന്നെ കല്ലിൽ പ്രധാനമന്ത്രിയുടെ പേര് മാത്രമേ വന്നുള്ളൂ. ഈ രണ്ട് കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. .....(ബഹളം)..... പറഞ്ഞൊള്ളൂ.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, പ്രധാനമന്ത്രി കൊച്ചിയിൽ വന്നപ്പോൾ പ്രധാനമന്ത്രിയോടൊപ്പം താമസിക്കേണ്ട മുഖ്യമന്ത്രിയും ഗവർണ്ണറും ...അവരുടെ കൂടെയുള്ളവർ ആരായാലും താമസിക്കേണ്ടവർക്ക് അവിടെ അക്കോമഡേഷൻ കൊടുത്തിട്ടില്ല. പ്രവേശിപ്പിച്ചില്ല. ഇവിടെനിന്ന് റൂം ബുക്ക് ചെയ്തിരുന്നു. അങ്ങേക്കറിയാം. റൂം ബുക്ക് ചെയ്തിരുന്നു. എന്നിട്ട് മുഖ്യമന്ത്രി ഒഴിഞ്ഞു. അതേസമയം ഗവർണ്ണർ, ബഹുമാനപ്പെട്ട ഗവർണ്ണർ, ഭരണഘടനാതലവൻ....അദ്ദേഹം അതിൽ പ്രതിഷേധിച്ച് തിരിച്ച്..... .....(ബഹളം)..... അങ്ങ് അക്കാര്യം പരിശോധിക്കണം. തിരിച്ച് ആ ചടങ്ങിൽ പങ്കെടുക്കാതെ അന്നുതന്നെ ഒരു സ്വകാര്യവിമാനത്തിൽ വരാൻവേണ്ടി അദ്ദേഹം ടിക്കറ്റും ബുക്ക് ചെയ്തു. ഞാൻ രേഖ ഇവിടെ ഹാജരാക്കാം. ഗവർണ്ണർക്കുണ്ടായ അനുഭവം..... ഭരണഘടനാതലവനുണ്ടായ അനുഭവം.....ഇത്തരത്തിലൊരനുഭവം ഒരിക്കലും ഒരിക്കലും ഉണ്ടായിട്ടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാനും പ്രധാനമന്ത്രിയെ സ്വീകരിക്കുന്നിടത്ത് പോയിരുന്നു. മുഖ്യമന്ത്രി ഹോട്ടലിലേയ്ക്ക് പോയിട്ടേയില്ല. മുഖ്യമന്ത്രി എയർപോർട്ടിൽനിന്നും.....(ബഹളം).....പോയില്ല.....ഞാനും എയർപോർട്ടിലുണ്ടായിരുന്നു. പ്രധാനമന്ത്രി.....

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റൂം നിഷേധിച്ചുവെന്ന് അറിഞ്ഞാൽ അതിന്റെ പടിവാതിക്കൽ പോയി നിൽക്കാൻ ഏതെങ്കിലും ആത്മാഭിമാനമുള്ള ഒരു മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മുഖ്യമന്ത്രി ആ കാര്യം ഒന്നു പറഞ്ഞാൽമതി. മുഖ്യമന്ത്രിക്ക് ഹോട്ടലിൽ മുറി നിഷേധിച്ചുവെന്ന് മുഖ്യമന്ത്രി പറഞ്ഞാൽ മതി.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നിഷേധിച്ചു. അതിന്റെ ഫലമായി ഞാൻ അങ്ങോട്ട് പോയതേയില്ല. ..... (ബഹളം) .....

ശ്രീ. ഉമ്മൻ ചാണ്ടി: സർ,.....(ബഹളം).....

മി. സ്പീക്കർ: യെസ്.യെസ്.....പ്ലീസ്.....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.....പ്ലീസ്..... .....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞു അദ്ദേഹത്തിന് റൂം നിഷേധിച്ചുവെന്ന്. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....ശ്രീ. വിശ്വൻ...പ്ലീസ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പ്രധാനമന്ത്രിക്ക് റൂം ബുക്ക് ചെയ്തത് ആരാണ്? അങ്ങയുടെ കീഴിലുള്ള ജി.എ.ഡി. പ്രധാനമന്ത്രി ഇവിടെ വന്ന് കേന്ദ്രഗവൺമെന്റിൽനിന്ന് ബുക്ക് ചെയ്ത മുറിയിലൊന്നുമല്ല താമസിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജി.എ.ഡി. തന്നെയാണ് മുഖ്യമന്ത്രിക്കും റൂം ബുക്ക് ചെയ്തത്. മുഖ്യമന്ത്രിക്ക് ബുക്ക് ചെയ്ത റൂം കൊടുക്കാൻ പാടില്ലെന്നാണ് കേന്ദ്രഗവൺമെന്റിന്റെ ആളുകൾ പറഞ്ഞത്. .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് ഒരിക്കലും ശരിയല്ല ___ (ബഹളം).....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത്.....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കണം..... .....(ബഹളം).....

(ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾ എഴുന്നേറ്റ് നിന്ന് ബഹളം വച്ചു കൊണ്ടിരുന്നു)

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവർ ഇരിക്കാതെ ഞാൻ എങ്ങനെ പറയും?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്..... .....(ബഹളം).....ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ... ..... (ബഹളം).....അങ്ങ് സംസാരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ജി.എ.ഡിയിൽ നിന്ന് മുഖ്യമന്ത്രിക്ക് മുറി ബുക്ക് ചെയ്തിട്ട് കേന്ദ്ര ഉദ്യോഗസ്ഥൻ പറഞ്ഞത് അത് ക്യാൻസൽ ചെയ്തതാണെങ്കിൽ തെറ്റാണെന്ന് ഞാൻ ഈ സഭയ്ക്കകത്തുമാത്രമല്ല പുറത്തുനിന്നാണെങ്കിലും പറയും. യാതൊരു സംശയവും വേണ്ട. ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. പക്ഷേ ഞാൻ എയർപോർട്ടിലുണ്ട്. പ്രധാനമന്ത്രിയുടെ മോട്ടോർ കേഡ് പോയിക്കഴിഞ്ഞിട്ടാണ് മുഖ്യമന്ത്രി ഗസ്റ്റ് ഹൗസിലേയ്ക്ക് പോകുന്നത്. അതിന്റെ പുറകേയാണ് ഞാൻ ഗസ്റ്റ് ഹൗസിലേയ്ക്ക് പോകുന്നത്. അദ്ദേഹം അങ്ങോട്ട് പോയിട്ടേയില്ല. ഗവർണ്ണറും മുഖ്യമന്ത്രിയുമെല്ലാം ഒരേ വിമാനത്തിൽത്തന്നെയാണ് തിരുവനന്തപുരത്തേക്ക് വന്നത്. അദ്ദേഹത്തിന്റെ കൂടെയുള്ള രണ്ട് പേർ കൂടെയില്ലാതിരുന്നതുകൊണ്ട് വേറെ വിമാനത്തിൽപ്പോകാൻ ടിക്കറ്റ് ബുക്ക് ചെയ്തെന്നാണ് ശ്രീ. വിജയകുമാർ പറഞ്ഞത്. നേരത്തെ അറിയിച്ചിരുന്നില്ല. അറിഞ്ഞ അന്നേരം പ്രധാനമന്ത്രിതന്നെ പറഞ്ഞ് ഗവർണ്ണറുടെ എ.ഡി.സി.യും ഗവർണ്ണറുടെ ഭാര്യയും ഇതേ ഫ്ളൈറ്റിൽത്തന്നെ തിരിച്ചുപോരുകയും ചെയ്തു. കേരളത്തിന്റെ ഏറ്റവും അഭിമാനകരമായ രണ്ട് പദ്ധതികളാണ്. അത് ഈ നാടിന്റെ നേട്ടമാക്കി, കേരളത്തിന്റെ അഭിമാനമാക്കി മാറ്റുന്ന രംഗത്ത് ഇതു പോലെ ഈ ഇഷ്യൂ ഈ ഡൈമെൻഷനിൽ കൊണ്ടുവന്നത് അങ്ങേയറ്റം

LIBRARY ARCHIVES Kerala Legislative Assembly

നിർഭാഗ്യകരമായിപ്പോയി .....(ബഹളം)..... മുഖ്യമന്ത്രി ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി എന്ന നിലയിൽ അംഗീകാരവും ആ നിലയിലുള്ള സ്ഥാനവും ലഭിക്കണമെന്നുള്ളത് ഞങ്ങളുടെകൂടി ആവശ്യമാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ മുഖ്യമന്ത്രിയോട് എനിക്ക് രണ്ട് കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഒന്ന് വല്ലാർപാടത്തിന്റെ റെയിൽ കണക്ടിവിറ്റിയുടെയും റോഡ് കണ്ക്ടിവിറ്റിയുടെയും മുഴുവൻ തുകയും കേന്ദ്രമാണ് തന്നത്. .....(ബഹളം).... ഇതുപോലെയുള്ള പ്രോജക്ടുകളുടെയെല്ലാം കണക്ടിവിറ്റിക്ക് മുഴുവൻ ചെലവും കേന്ദ്രം വഹിച്ച ആദ്യത്തെ സംഭവമാണ് വല്ലാർപാടം എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അത് അങ്ങ് അവിടെ സൂചിപ്പിക്കേണ്ടതായിരുന്നു. മുഖ്യമന്ത്രിയാണ് തീരുമാനിക്കേണ്ടത് എന്തൊക്കെ പറയണമെന്നുള്ളത്. ..... (ബഹളം)..... അത് അവിടെ സൂചിപ്പിക്കേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം. പ്രധാനമന്ത്രി മൂന്നുദിവസം കേരളത്തിലുണ്ടായിരുന്നു. ഇതിന് മുൻപ് പ്രധാനമന്ത്രിമാർ വന്നിട്ടുള്ള അവസരങ്ങളിലെല്ലാം മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും സംസ്ഥാനത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് പ്രധാനമന്ത്രിയുമായി ചർച്ച ചെയ്യും. കേരളത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു ചർച്ചയ്ക്ക് അവസരമൊരുക്കാൻ ശ്രമിക്കാതിരുന്നത് നിങ്ങളുടെ നിഷേധാത്മകമായ സമീപനത്തിന്റെ ഭാഗമാണ്. .....(ബഹളം). ....ഇതുപോലെയുള്ള കാര്യങ്ങൾ നമ്മുടെ അവസരങ്ങളാക്കി മാറ്റുന്നതിന് പകരം വിവാദങ്ങളാക്കി തർക്കങ്ങളാക്കി കാര്യങ്ങളിലേയ്ക്ക് പോകുന്നത് ശരിയല്ല.....

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മുഖ്യമന്ത്രിയും മന്ത്രിമാരുമൊന്നും പ്രധാനമന്ത്രിയുടെ അടുത്തുപോയില്ല, കാര്യങ്ങൾ ചർച്ച ചെയ്യാൻ സന്നദ്ധമായില്ല എന്നൊക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ഞങ്ങൾക്ക് കിട്ടുന്ന അവസരങ്ങളൊക്കെ ഉപയോഗിക്കുന്നവരാണ്. പോയവർക്കിവിടെ ഒരു അനുഭവമുണ്ട്. ബ്രഹ്മോസിന്റെ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തത് ശ്രീ. എളമരം കരീം ആണ്. അദ്ദേഹവും ശ്രീ. ദിവാകരനും ശ്രീ. സുരേന്ദ്രൻ പിള്ളയും പോയപ്പോൾ അവർക്ക് സീറ്റുപോലും കൊടുക്കാതെ പോ എന്ന് പറഞ്ഞ് ഇറക്കിവിട്ടില്ലേ? ഇങ്ങനെയുള്ള സ്ഥലത്ത് ആർ പിന്നെപ്പോകും?

ശ്രീ. ഉമ്മൻ ചാണ്ടി: അന്ന് ബ്രഹ്മോസിൽ പരിപാടിയൊന്നുമുണ്ടായിരുന്നില്ല. വിസിറ്റ് മാത്രമാണ് ഉണ്ടായിരുന്നത്. ബ്രഹ്മോസിന്റെ ഇന്നത്തെ വിശദീകരണവും വന്നിട്ടുണ്ട്. ഞങ്ങൾ ഒരു മന്ത്രിയേയും തടഞ്ഞില്ല.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ബ്രഹ്മോസിന്റെ അടുത്ത ഘട്ടം എക്സ്പാൻഷന് അതിനോട് ചേർന്നുനിൽക്കുന്ന നേവിയുടെ ഏഴരയേക്കർ സ്ഥലം ആവശ്യമായിരുന്നു. ആ സ്ഥലം വിട്ടുകൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചിട്ട് നടന്നില്ല. അതിന് പകരം സ്ഥലം കിട്ടാതെ അവർ മാറില്ല എന്നുപറഞ്ഞു. പകരം പല സ്ഥലവും നിർദ്ദേശിച്ചു. ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി സ്ഥലം കണ്ടെത്താൻ ഞങ്ങൾ കളക്ടറെ ചുമതലപ്പെടുത്തി. കഴിഞ്ഞില്ല. അവസാനം ആനിമൽ ഹസ്ബൻഡറി വകുപ്പിന്റെ കീഴിലുള്ള പത്തേക്കർ സ്ഥലം അവർക്ക് പകരം കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അവരെ അറിയിച്ചു. അതും പോരാഞ്ഞിട്ട് പത്തേക്കർ കൂടി കിട്ടിയിട്ടേ ഈ ഏഴരയേക്കർ വിട്ടുകൊടുക്കൂ എന്ന് അവർ വാശിപിടിച്ചു. അവസാനം ഇരുപതേക്കർ സ്ഥലം ബ്രഹ്മോസിന്റെ സി.ഇ.ഒ. ശ്രീ. ശിവതാണുപിള്ള രാവിലെ ഇവിടെ വന്ന് അന്ന് രാവിലെ ഫയലിൽ ഉത്തരവിറക്കിയിട്ട് വൈകുന്നേരം ആ ഓർഡറുമായി അദ്ദേഹം തിരുവനന്തപുരത്തുനിന്ന് ഡൽഹിയിൽപ്പോയിട്ടാണ് പ്രധാനമന്ത്രിയുടെ പരിപാടി ഫിക്സ് ചെയ്തത്. ആ സ്ഥലത്താണ് പ്രധാനമന്ത്രി സന്ദർശനത്തിന് വന്നപ്പോൾ കൺസേൺഡ് മിനിസ്റ്റേഴ്സ് എന്ന രീതിയിൽ ഞങ്ങളെ ക്ഷണിച്ച് ഞങ്ങൾ ചെന്നത്. അവിടെയുണ്ടായ അനുഭവം എന്താണെന്ന് വച്ചാൽ പ്രധാനമന്ത്രി നിൽക്കുന്നിടത്ത് നിൽക്കാൻ പാടില്ല എന്നുപറഞ്ഞാണ് ഉദ്യോഗസ്ഥൻമാർ ഞങ്ങളെ മാറ്റിയത്. .....(ബഹളം).....തിരുവനന്തപുരം നഗരത്തിലെ ഏറ്റവും വില കൂടിയ ഇരുപതേക്കർ സ്ഥലം ഒറ്റ ദിവസം കൊണ്ട് ഉത്തരവിട്ട് കൈമാറിയ മന്ത്രി ശ്രീ. സി. ദിവാകരൻ, തിരുവനന്തപുരത്തുകാരായ രണ്ട് മന്ത്രിമാർ ശ്രീ. എം.വിജയകുമാറും ശ്രീ. സുരേന്ദ്രൻ പിള്ളയും..... ഈ പ്രശ്നത്തിന്റെ എല്ലാം ആദ്യാവസാനം പ്രതിരോധ വകുപ്പുമന്ത്രിയുടെ കൂടെ നിന്നയാളാണ് ഞാൻ. പ്രതിരോധ വകുപ്പുമന്ത്രിക്ക് ഈ വിവരം അറിയില്ല. അദ്ദേഹം അറിഞ്ഞിരുന്നുവെങ്കിൽ ഇത് സമ്മതിക്കുകയില്ലായിരുന്നു എന്ന് എനിക്കഭിപ്രായമുണ്ട്. പക്ഷേ പ്രധാനമന്ത്രിയുടെ കേരളത്തിലെ സന്ദർശനം കേരളത്തിലെ ഒരാളെയും കൂട്ടിത്തൊടീക്കാതെ, അടുത്ത് ചെല്ലാൻ പോലും പറ്റാത്ത വിധത്തിലുള്ള രാഷ്ട്രീയ അയിത്തം കൽപ്പിച്ചു. അത് അപമാനമാണ്. .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ.....

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വസ്തുതകൾ മനസ്സിലാക്കിയിട്ടില്ലെങ്കിൽ വസ്തുതകൾ മനസ്സിലാക്കണം. വല്ലാർപാടം പദ്ധതിക്ക് റോഡ് കണക്ടിവറ്റിക്കും റെയിൽ കണക്ടിവിറ്റിക്കും സ്ഥലം എടുത്തുകൊടുത്തതിനെ സംബന്ധിച്ച് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. എല്ലാ ചെലവും കേന്ദ്രഗവൺമെന്റാണെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. പുനരധിവസിപ്പിക്കപ്പെട്ടവർക്കെല്ലാം അവരുടെ ഭൂമിയുടെ വിലയ്ക്കുപുറമേ പതിമൂന്നു മാസത്തെ വാടകയും ഷിഫ്റ്റിംഗ് ചാർജിന്റെ സംഖ്യയുൾപ്പെടെ ആ പാക്കേജിൽ വന്നു. അവർ ആവശ്യപ്പെട്ട സ്ഥലത്ത് അവർക്ക് വീട് വയ്ക്കാനുള്ള സ്ഥലം കൊടുത്തത് സംസ്ഥാന ഗവൺമെന്റിന്റെ സ്ഥലമാണ്. ആ വസ്തുത അറിയാതെ പോകരുത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അവർ സ്ഥലം എടുത്തതിന്റെ കോസ്റ്റും. പിന്നെ നമ്മൾ അഡീഷണലായിട്ട് കൊടുത്ത പാക്കേജിന്റെ കാര്യമാണ് ഇപ്പോൾ അങ്ങ് പറയുന്നത്. അവർ റോഡിനും റെയിൽവേയ്ക്കും വേണ്ടി എടുത്ത സ്ഥലത്തിന്റെ കോമ്പൻസേഷനും അതിനുവേണ്ട ചെലവ് മുഴുവനും കേന്ദ്രഗവൺമെന്റ് വഹിച്ചു. അതിനുപുറമെ നമ്മൾ അവിടത്തെ പ്രതിഷേധം കുറയ്ക്കാൻ വേണ്ടി ചെയ്ത അഡീഷണൽ പാക്കേജിന്റെതാണ് അങ്ങ് പറഞ്ഞത്. അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇതുപോലുള്ള ഒരു പ്രോജക്ടിന്.

LIBRARY ARCHIVES Kerala Legislative Assembly

റെയിൽ-റോഡ് കണക്ടിവിറ്റിക്ക് മുഴുവൻ തുകയും കേന്ദ്രം വഹിക്കുന്നത് ആദ്യമായിട്ടാണ്. അത്താന് എടുത്ത് പറയാമായിരുന്നു. ഇവിടെ ശ്രീ. എളമരം കരീം പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. മന്ത്രിമാർ അവിടെ പോയത്, അത് അവരെ വിളിക്കാതെ പോയതല്ല. ഉദ്യോഗസ്ഥന്മാർ നിങ്ങളെ വീട്ടിൽ വന്ന് നേരിട്ട് വിളിച്ചതാണ് അത്. ശ്രീ. എ. കെ. ആന്റണി തന്ന കൊടുത്ത നിർദ്ദേശമാണ്. അതായത് ക്ഷണക്കത്ത് കൊടുത്താൽ പോര, നേരിട്ട് പോയി വിളിക്കണമെന്ന് പറഞ്ഞു. അവിടത്തെ പ്രധാനപ്പെട്ട ഗസ്റ്റ് ആയിട്ട് തന്നെയാണ് അവർ നിങ്ങളെ സ്വീകരിച്ചത്. ഇതുസംബന്ധിച്ച് ഇന്ന് ബ്രഹ്മോസിന്റെ വിശദീകരണവുമുണ്ട്. അവരുടെ ഭാഗത്ത് നിന്ന് ഏതെങ്കിലും വിധത്തിലുള്ള വീഴ്ച വന്നു എന്ന് പറയാൻ സാധിക്കുമോ ?

ശ്രീ. എളമരം കരീം : സർ, അവിടെ ബ്രഹ്മോസിന്റെ പുതിയ ഉപകരണങ്ങളും അതിന്റെ വീഡിയോ പ്രസന്റേഷനും ഡെമോക്കിയ ഒരു ഹാളിലാണ് പ്രധാനമന്ത്രി സന്ദർശിക്കുന്നത്. ഞങ്ങളെ ക്ഷണിച്ചു. ഉദ്യോഗസ്ഥന്മാർ ഞങ്ങളെ അവിടെ കൊണ്ടുപോയി. അവിടത്തെ തൊഴിലാളികളും ഉദ്യോഗസ്ഥരും ഇരിക്കുന്ന രണ്ടാമത്തെ ഷെഡിൽ പോയി ഇരിക്കണമെന്ന് പ്രധാനമന്ത്രി വരുന്നതിന് 5 മിനിട്ടിന് മുമ്പ് ഞങ്ങളോട് പറഞ്ഞു. ഞങ്ങളെ അപമാനിച്ചു. സംസ്ഥാന ഡി.ജി.പി. പറഞ്ഞു, ഇത് ഞങ്ങളുടെ നിയന്ത്രണത്തിലല്ല. പ്രധാനമന്ത്രി ഇവിടെ വരില്ല, അവിടെ സന്ദർശിച്ചിട്ട് തിരിച്ചുപോകുകയാണ്. പിന്നെ നാണം കെട്ട് ഞങ്ങൾ അവിടെ ഇരിക്കണമോ? അതിനുശേഷമാണ് ഞങ്ങൾ പോയത്. വിവരങ്ങൾ അറിയാതെ എന്തെങ്കിലും പറഞ്ഞിട്ട് എന്താണ് കാര്യം?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇപ്പോഴാണ് നിങ്ങൾ കാര്യം പറയുന്നത്. കാരണം നിങ്ങൾ നിന്നിടത്ത് പ്രധാനമന്ത്രി വന്നില്ല. അതിനെ എങ്ങനെയാണ് കുറ്റം പറയാൻ സാധിക്കുക?

പിന്നോക്ക പട്ടികജാതിവർഗ്ഗക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞതെല്ലാം അംഗീകരിക്കുന്നു. ഞാൻ ചോദിക്കട്ടെ, ആ കല്ലിന്റെ മുകളിൽ സമാരാധ്യനായ മുഖ്യമന്ത്രിയുടെ പേര് വയ്ക്കുന്നതിന് സന്മനസ് കാട്ടിക്കൂടേ? അത് നിങ്ങൾ എന്തുകൊണ്ട് ചെയ്തില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കല്ലിൽ മുഖ്യമന്ത്രിയുടെ പേര് വരുന്നതു കൊണ്ട് ഒരു കുഴപ്പവുമില്ല. വരേണ്ടതായിരുന്നു എന്നുള്ളതാണ് എന്റെയും അഭിപ്രായം. പക്ഷേ ഇതിൽ വകുപ്പുമന്ത്രിയുടെ പേര് പോലും ഇല്ല. അക്കാര്യം ഞാൻ ചോദിച്ചു. അപ്പോൾ എനിക്ക് കിട്ടിയ വിവരം ഇത് അഖിലേന്ത്യാ തലത്തിലുള്ള ഒരു പാറ്റേൺ ആണെന്നുള്ളതാണ്. അതിൽ വകുപ്പുമന്ത്രിയുടെ പേരുപോലുമില്ല.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, തമിഴ്നാട്ടിൽ നടന്നിട്ടുള്ള ചടങ്ങുകൾ അങ്ങ് പരിശോധിക്കണം. അവിടത്തെ മുഖ്യമന്ത്രി ശ്രീ. കരുണാനിധിയുടെ പേരില്ലാതെ വരുമോയെന്നുള്ള കാര്യം അങ്ങ് പരിശോധിക്കണം. അത് തമിഴ്നാട്ടിൽ നടക്കുകയില്ല, ഇന്ത്യയിൽ ഒരിടത്തും നടക്കുകയില്ല. ഇത് കേരളത്തിൽ മാത്രമേ നടക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബ്രഹ്മോസിന്റെ പരിപാടി സ്ഥലത്ത് ഇവിടത്തെ മന്ത്രിമാർ പോയി നിന്നപ്പോൾ അവിടെ പ്രധാനമന്ത്രി വന്നില്ല എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. അങ്ങനെ പറയുന്നത് ശരിയാണോ? ആ സമയത്തുതന്നെ എനിക്ക് പോലീസിന്റെ ഇൻഫാർമേഷൻ ലഭിച്ചു. ഈ മന്ത്രിമാരെ അവിടെ നിന്ന് ഇറക്കി വിട്ടു. സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പുകാർ സമ്മതിക്കുന്നില്ല. അപ്പോൾ സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പുകാരെ ഇതിന്റെ മുഴുവൻ ചുമതലയും ഏൽപ്പിച്ച സ്ഥിതിക്ക് എന്തിനാണ് ഈ മന്ത്രിമാരെ നാവിലെ വിളിച്ചുകൊണ്ടുപോയത്. അങ്ങനെ മൂന്ന് മന്ത്രിമാരെ അപമാനിച്ചു. അതിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരാണ് ഇത് ചെയ്തതെങ്കിൽ അവരുടെ പേരിൽ നടപടി എടുക്കണമെന്ന് പ്രധാനമന്ത്രിയോട് അങ്ങ് ആവശ്യപ്പെടുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് ആദ്യത്തെ സംഭവമല്ലല്ലോ. ഇവിടെ പ്രധാനമന്ത്രിയെ വഴി തെറ്റിച്ചു. അന്ന് പ്രധാനമന്ത്രി ആഭ്യന്തരമന്ത്രിയോട് എന്താണ് പറഞ്ഞത്. .....

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ബ്രഹ്മോസിന്റെ ചെയർമാൻ എന്റെ ഓഫീസിൽ വന്ന് എന്നെ ക്ഷണിച്ചു എന്നുള്ളത് സത്യമാണ്. അദ്ദേഹം വളരെ നിർബന്ധപൂർവ്വം ക്ഷണിച്ചതുകൊണ്ടാണ് ഞാൻ വളരെ നേരത്തെ അവിടെ എത്തിയത്. അവിടെ എത്തിയപ്പോൾ എന്നെ കൊണ്ടുപോയി ഒരു ഷെഡിൽ ഇരുത്തി. അപ്പോൾ അവിടെ വേറെ തൊഴിലാളികളെല്ലാം ഇരിക്കുകയാണ്. ഞാനവിടെ ഇരുന്നപ്പോൾ മറ്റ് രണ്ട് മന്ത്രിമാർ കൂടി വന്നു. ഇതുപോലുള്ള പല അനുഭവങ്ങളും ഞങ്ങൾക്കുണ്ടായിട്ടുണ്ട്. ഞാൻ ഒരുപാട്..... (ബഹളം)..... ഞങ്ങൾ സ്വന്തം ആത്മാഭിമാനത്തെ കരുതി പല അനുഭവങ്ങളും പുറത്ത് പറയാത്തതാണ്. അതുകഴിഞ്ഞപ്പോൾ ശ്രീ. എളമരം കരീം അപ്പുറത്ത് നിൽക്കുകയാണെന്ന് ഞാൻ അറിഞ്ഞു. എന്നാൽ ശ്രീ. എളമരം കരീമിനെ കാണാമെന്ന് ഞാൻ വിചാരിച്ചു. ശ്രീ. എളമരം കരീമിന്റെ അടുത്ത് ചെന്നപ്പോൾ അവിടെ സെൻട്രൽ ഫോഴ്സുകാരുടെ നടുവിൽ അദ്ദേഹം ഒരു ബന്ധനസ്ഥനെപോലെ നിൽക്കുന്നതാണ് കണ്ടത്. എന്താണ് കാര്യമെന്ന് ഞാൻ ചോദിച്ചു. അപ്പോൾ പറഞ്ഞു, ഇവിടെ പ്രധാനമന്ത്രി വരും നമുക്കെല്ലാവർക്കും ഇവിടെയിരുന്ന് കാണാം. ഞങ്ങളും കൂടി അവിടെ കൂടി. രണ്ട് മിനിട്ട് കഴിഞ്ഞപ്പോൾ അവിടത്തെ സെൻട്രൽ ഉദ്യോഗസ്ഥന്മാർ പറഞ്ഞു. നിങ്ങൾ ഒരു കാരണവശാലും ഇവിടെ നിൽക്കാൻ പാടില്ല. അങ്ങനെ അനുവദിക്കുകയില്ല എന്ന് പറഞ്ഞതിനുശേഷം ഞാൻ വന്ന് ബ്രഹ്മോസിന്റെ ചെയർമാനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത് ഞാൻ നിസ്സഹായനാണെന്നാണ്. അതിനുശേഷമാണ് ഞങ്ങൾ അവിടെ നിന്ന് പോയത്. പിന്നെ എനിക്കതിൽ പരാതിയില്ലാത്തത് വിമാനത്താവളത്തിൽ വച്ച് ശ്രീമാൻ ആന്റണി പ്രത്യേകമായി എന്നെ വിളിച്ച് പറഞ്ഞു. ആരും സ്ഥലം നൽകാതിരുന്നപ്പോൾ ശ്രീ. സി. ദിവാകരൻ വളരെ പെട്ടെന്ന് ആ സ്ഥലം തന്നത് കേരളത്തിന് വലിയ അനുഗ്രഹമാണ്. ഞങ്ങൾക്കതിൽ നന്ദിയുണ്ട്. എന്റെ നന്ദി എല്ലാവരെയും അറിയിക്കണം. അത് അദ്ദേഹത്തിന്റെ സമീപനമാണ്. ഇത് രണ്ടും ഞങ്ങൾ പറയുകയല്ലേ? അവഗണിച്ചതും പരിഗണിച്ചതും പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് എറണാകുളത്ത് ഇന്റർനാഷണൽ സ്റ്റേഡിയം ഉദ്ഘാടനം ചെയ്തത്. അന്ന് രാഷ്ട്രപതിയുടെ പേര് മാത്രമേ വന്നിട്ടുള്ളൂ. മുഖ്യമന്ത്രിയുടെ പേരില്ല. ഇപ്പോൾ കേരളത്തിന് അഭിമാനകരമായി രണ്ട് പദ്ധതികൾ വന്നതിൽ നിങ്ങൾക്ക് എന്തോ ദോഷകരമായി വന്നുവെന്ന് കണ്ടപ്പോൾ അതിൽ വികാരം ഇളക്കാൻ വേണ്ടിയുള്ള നിങ്ങളുടെ ശ്രമം വില കുറഞ്ഞ പരിപാടിയായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ മുഖ്യമന്ത്രിയെ അപമാനിച്ചു എന്ന് പറഞ്ഞുകൊണ്ട് ഇത്രയും തരം താഴ്ന്ന രീതിയിലുള്ള ഒരു ചർച്ച ഈ സഭയിൽ ഉണ്ടാകാൻ പാടില്ലായിരുന്നു. മുഖ്യമന്ത്രിക്കുവേണ്ടി ജി.എ.ഡി. താജ് ഹോട്ടലിൽ മുറി ബുക്ക് ചെയ്തിട്ട് അവിടത്തെ സുരക്ഷാ ഉദ്യോഗസ്ഥന്മാർ തടസ്സപ്പെടുത്തിയതിന്റെ പേരിൽ മുഖ്യമന്ത്രിക്ക് താജ് ഹോട്ടലിൽ താമസിക്കാൻ പറ്റിയില്ലെങ്കിൽ അത് തെറ്റാണെന്ന് ഞാൻ പറയും. യാതൊരു സംശയവും ഇല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി മലയാളത്തിൽ പ്രസംഗിച്ചതിനെപ്പോലും അങ്ങ് അപഹസിച്ചില്ലേ? അത് ശരിയാണോ? മലയാളത്തെപ്പോലും അങ്ങ് അപമാനിച്ചില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇല്ല, ഒന്നുകിൽ അങ്ങ് ഇത് ആരെങ്കിലും പറഞ്ഞതുകേട്ട് പറയുന്നതാണ്. പ്രധാനമന്ത്രിയോട് മുഖ്യമന്ത്രി നേരിട്ട് പറയുന്നതായിരുന്നു ഉത്തമം എന്നാണ് ഞാൻ പറഞ്ഞത്. മുഖ്യമന്ത്രി പ്രസംഗിച്ചത് പ്രധാനമന്ത്രിക്ക് മനസ്സിലായില്ല. നേരെ മറിച്ച് അദ്ദേഹത്തോട് നേരിട്ട് പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തിന് ഇക്കാര്യം മനസ്സിലാക്കാൻ പറ്റുമായിരുന്നു എന്ന് ഞാൻ വളരെ ലളിതമായ ഭാഷയിൽ പറഞ്ഞതാണ്. അത് മറ്റൊരു ഉദ്ദേശത്തിലല്ല. പക്ഷേ, ഏതായാലും ഇത് വളരെ നിർഭാഗ്യകരമായിട്ടുള്ള ഒരു ചർച്ചയായിപ്പോയി. കേരളത്തോട് ഇത്രയും അധികം താല്പര്യം കാണിച്ച ഒരു പ്രധാനമന്ത്രിയെ ഇത്രയും തരംതാഴ്ന്ന രീതിയിൽ .....(ബഹളം)..... അവഹേളിക്കാൻ ശ്രമിച്ചത്, ...(ബഹളം)..... വികസന കോൺഗ്രസ്സിൽ പ്രസംഗിച്ച ശേഷം ശ്രീ. എം. എ. ബേബി കേരളത്തിന്റെ ഒരാവശ്യം പറഞ്ഞു. ഞങ്ങൾക്ക് ഇനി പരിഹരിക്കേണ്ട ഒരാവശ്യം ഐ.ഐ.ടി. കിട്ടണം എന്നുള്ളതാണ്. അഞ്ച് മിനിറ്റ് കഴിഞ്ഞപ്പോൾ പ്രധാനമന്ത്രി നൽകിയ മറുപടി പ്രസംഗത്തിൽ കേരളത്തിന് ഐ.ഐ.ടി. തരുമെന്ന് പറഞ്ഞു. അതാണ് പ്രധാനമന്ത്രി. അങ്ങനെയുള്ള ഒരു പ്രധാനമന്ത്രിയെ അപമാനിച്ച, രാഷ്ട്രീയമായ നേട്ടത്തിനു വേണ്ടി അവഹേളിച്ച ഈ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി.)

11 AM]

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ അങ്ങയ്ക്ക് ഒരു നോട്ടീസ് തന്നിട്ടുണ്ട്. വളരെ അസാധാരണമായ ഒരു ചർച്ചയാണ് ഇന്നിവിടെ നടന്നിട്ടുള്ളത്. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രമേയം അവതരിപ്പിക്കുവാൻ അങ്ങ് അനുവാദം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

"2011 ഫെബ്രുവരി 11, 12 തീയതികളിൽ കേരളത്തിൽ നടന്ന ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഔദ്യോഗിക പരിപാടികളിൽ കേരളത്തിന്റെ മുഖ്യമന്ത്രിക്കും കേരളത്തിനുമുണ്ടായ തിക്താനുഭവങ്ങളിൽ ഈ സഭ ഒന്നടങ്കം പ്രതിഷേധിക്കുന്നു. ഈ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുന്നു."

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പ്രമേയം പാസ്സാക്കണം....(ബഹളം).....

മി. സ്പീക്കർ: പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രതിപക്ഷത്തിന്റെ അഭാവത്തിൽ

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരിച്ചെത്തി).

(3) അക്കാഡമിക് ബ്ലോക്കും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാൻ നടപടി

ശ്രീ. എ. സി. മൊയ്തീൻ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിലെ അക്കാഡമിക് ബ്ലോക്കിന് ഭരണാനുമതി നൽകണമെന്നുള്ള ഒരാവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ നോൺ ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകൾ അടക്കം 60 വർഷം പഴക്കമുള്ള ടി.ബി. സാനിറ്റോറിയത്തിന്റെ ആസ്ബസ്റ്റോസ് ഷെഡിലാണ് പ്രവർത്തിക്കുന്നത്. ഇത് ഏറ്റവും പഴക്കം ചെന്ന ഒരു കെട്ടിടമായതുകൊണ്ട് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമെല്ലാം വളരെയധികം പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഈ കെട്ടിടം പലപ്പോഴും അപകടങ്ങൾ സംഭവിക്കാവുന്ന അവസ്ഥയിലാണ്. നിരവധി വികസന പ്രവർത്തനങ്ങൾ മെഡിക്കൽ കോളേജിൽ ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നത് മറന്നുകൊണ്ടല്ല ഞാൻ ഇത് പറയുന്നത്. ഈ അക്കാഡമിക് ബ്ലോക്കിന്റെ ആവശ്യം നിർവ്വഹിക്കുന്നതിനുവേണ്ടി അടിയന്തരമായി നടപടി ഉണ്ടാകണം. ഭരണാനുമതി ഉണ്ടാകണം. മറ്റൊരു കാര്യം. മെഡിക്കൽ കോളേജിലെ മലിനജലത്തിന്റെ പ്രശ്നം വളരെ ഗൗരവപ്പെട്ടതാണ്. മലിനജലം സംസ്ക്കരിച്ച് അത് നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണിയും അടിയന്തരമായി ആരംഭിച്ചില്ലെങ്കിൽ പരിസരവാസികളെല്ലാം വളരെ ബുദ്ധിമുട്ടിലാകും. ഈ കാര്യത്തിലും അടിയന്തര പരിഹാരവും ഭരണാനുമതിയും നൽകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly